കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം**

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.- ഇ.കെ.എം.(പി.6)1548/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
0484-2422271
തീയതി – 06/11/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
**മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം:- മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.- ഇകെഎം.(പി.6)1548/2019 തീയതി:06/11/2019

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **മുളന്തുരുത്തി** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 14.08.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വിനോദ്.കെ.കെ. | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.08.2019 മുതൽ 29.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.റസിയബീവി.ജെ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അജിമോൻ പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ബബിത ബി. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.രഞ്ചികുര്യൻ കൊള്ളിനാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി.സലോമി സൈമൺ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.എ.കെ.ബാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |

| | | | |
|---|---|---|---|
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.ശാന്ത മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.ജോർജ്ജ് മാണി പട്ടച്ചേരിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | 1.ശ്രീമതി.സി.എസ്.ശോശാമ്മ. | 01.04.2018 മുതൽ 04.04.2018 വരെയും 19.05.2018 മുതൽ 04.09.2018 വരെയും 05.10.2018 മുതൽ 31.03.2019 വരെയും |
| | | 2.ശ്രീ.സാബു.സി.ജെ. അസി.സെക്രട്ടറി. | 05.04.2018 മുതൽ 18.05.2018 വരെ |
| | | 3.ശ്രീ.ഷാജി.ടി. അസി.സെക്രട്ടറി | 05.09.2018 മുതൽ 04.10.2018 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | | |
| **<u>ഉദ്യോഗപ്പേര്</u>** | | | **<u>കാലയളവ്</u>** |
| അസിസ്റ്റന്റ് എഞ്ചിനീയർ | | 1.ശ്രീമതി.ദിവ്യ ഭൂപേഷ് | 01.04.2018 മുതൽ 08.07.2018 വരെ |
| | | 2.ശ്രീ.ജോമോൻ ടി.പി. | 09.07.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | 1.ശ്രീ.സാബു സി.ജെ. | 01.04.2018 മുതൽ 21.06.2018 വരെ |
| | | 2.ശ്രീമതി.നിഷ കെ.എൽ. | 22.06.2018 മുതൽ 02.07.2018 വരെ |
| | | 3.ശ്രീ.ഷാജി ടി. | 03.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ജോൽസ്ന എം. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | 1.ഡോ.ശോഭ ജയറാം. | 01.04.2018 മുതൽ 21.06.2018 വരെ |
| | | 2.ഡോ.അമിത | 22.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | | ഡോ.ഷാജി പി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.ഉമ ജി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| സി.എം.ഒ. ഹോമിയോ ആശുപത്രി | | 1.ഡോ.അമ്പിളി എൻ. | 01.04.2018 മുതൽ 22.09.2018 വരെ |
| | | 2.ഡോ.ബാബു | 23.09.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | 1.ശ്രീ.വിജയ് വി.ജി. (പെരുമ്പിള്ളി) | 01.04.2018 മുതൽ 31.03.2019 വരെ |
| | | 2.ശ്രീ.ജോർജ്ജ് എം.പി. | 01.04.2018 മുതൽ |

| | | | |
|---|---|---|---|
| | | (തുരുത്തിക്കര) | 31.03.2019 വരെ |
| | | 3.ശ്രീമതി.ശ്രീവിദ്യ വി.<br>(മുളന്തുരുത്തി) | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്<br>ജി.എൽ.പി.എസ് | | ശ്രീമതി.സിസി എ.എൽ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | | ശ്രീമതി.ജീന ടി. | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി.ഷൈമ ജെ. | 01.04.2018 മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കിയ തുക | 1-13 |
| 14 | വാടക – അപാകതകൾ | 1-14 |
| 15 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | ഇ-ടെണ്ടർ ഫീസ് – ലഭ്യമായില്ല | 1-16 |
| 17 | വാറണ്ടി കാലയളവിൽ സോളാർ ലൈറ്റ് മെയിന്റനൻസിന് തുക ചെലവഴിച്ചു. | 1-17 |
| 18 | കന്നുക്കുട്ടി പരിപാലനം - ഇൻഷുറൻസ് പരിരക്ഷ ലഭിച്ചില്ല- മറ്റ് അപാകതകൾ | 1-18 |
| 19 | പത്തായപ്പുര – നെൽവിത്ത് സംഭരണം. | 1-19 |
| 20 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് തുക നൽകിയിട്ടില്ല | 1-20 |
| 21 | പകൽവീട് പ്രവർത്തനക്ഷമമല്ല | 1-21 |
| 22 | ശാസ്ത്ര മാസികകൾ - കൈപ്പറ്റിയ വിവരം ലഭ്യമല്ല. | 1-22 |
| 23 | ഹൃദ്യാരോഗ്യം- അപാകതകൾ | 1-23 |
| | ഭാഗം – 2<br>ഇല്ല | |

| | | |
|---|---|---|
| | ഭാഗം -3<br>ഇല്ല | |
| | ഭാഗം 4 | |
| 24 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപം | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 35 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 36 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

12.03.2018 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.05.2019 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2018-19 | 12.6.2019 മുതൽ 13.06.2019 വരെ | കെ.എസ്.എ- ഇ.കെ.എം.(പി.ജി) 227(33) / 02.08.2019 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10750910.60 |
| വരവ് | 106229917.00 |
| ആകെ | 116980828.60 |
| ചെലവ് | 108246683.00 |
| നീക്കിയിരിപ്പ് | 8734144.60 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 14032000* | 14032000 | 14032000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 7426000 | 7426000 | 7426000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 93000 | 93000 | 93000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 11075000 | 11075000 | 11075000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3325000 | 3325000 | 3325000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 6512000 | 6512000 | 6512000 | 0 |
| ദുരിതാശ്വാസനിധി | | 107653 | 53117 | 160770 | 83000 | 77770 |
| ഖരമാലിന്യ ഫണ്ട് | | 150000 | 1238819 | 1388819 | 650419 | 738400 |
| സാനിട്ടേഷൻ | | 11824 | 419 | 12243 | 0 | 12243 |
| ഐ.സി.ഡി.എസ് | | 769221 | 2108556 | 2877777 | 1980211 | 897566 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 8385 | 26481549** | 26489934 | 26484508 | 5426 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6389 | 1937500 | 1943889 | 1047512 | 896377 |
| | ജില്ലാ പഞ്ചായത്ത് | 5960000 | 11012200 | 16972200 | 10890646 | 6081554 |
| ബി ഫണ്ട് | | 0 | 44444940 | 44444940 | 44444940 | 0 |
| സാക്ഷരതാ മിഷൻ | | 37483 | 35152 | 72635 | 45939 | 26696 |
| ആരോഗ്യകേരളം പുരസ്കാരം | | 0 | 500000 | 500000 | 0 | 500000 |
| എം.എൽ.എ.ഫണ്ട്. പിക്കാ ഗ്രാന്റ് | | 580000 | 0 | 580000 | 0 | 580000 |
| സി.എം.ഡി.ആർ.എഫ്. | | 0 | 570511 | 570511 | 549842 | 20669 |
| ഫ്ലഡ് റിലീഫ് ഫണ്ട്. | | 0 | 150000 | 150000 | 0 | 150000 |

| | | | | | | |
|---|---|---|---|---|---|---|
| വിമുക്തി | | 12500 | 25000 | 37500 | 2900 | 34600 |
| ഗുണഭോക്തൃവിഹിതം | | 50 | 257340 | 257390 | 257390 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7127372.6 | 44701544 | 51828916.6 | 49152057 | 2676859.6 |
| | ട്രഷറി അക്കൗണ്ട് | 837930 | 12329802 | 13167732 | 13103062 | 64670 |
| കൈയ്യിരുപ്പ് | | 36316 | | | | 26314 |

* ഉൽഭവത്തിൽ കുറവ് ചെയ്ത, ജലഅതോറിറ്റിക്ക് നൽകേണ്ട 887/- രൂപ, വൈദ്യുതി ബോർഡിന് നൽകേണ്ട 403/-രൂപ എന്നിവ ഉൾപ്പെടുന്ന തുക.

**ഇ.എഫ്.എം.എസ്. തുക 25616657/- രൂപ ഉൾപ്പെടെ ഉള്ള തുക.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 118391957 | 137 | 79620487 | 17 | 1 | 88.38% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| പ്രോജക്ട് നം | പദ്ധതിയുടെ പേര് |
|---|---|
| 107/19 | എന്റെ മരം എന്റെ ധനം |

<u>ഗ്രാന്റ് ഇൻ എയ്ഡ് - *വിനിയോഗം*</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 14032000 | 14032000 | 0 | 100% |
| വികസനഫണ്ട് -എസ്.സി.പി | 7426000 | 7426000 | 0 | 100% |
| വികസനഫണ്ട് -ടി.എസ്.പി | 93000 | 93000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 11075000 | 11075000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 3325000 | 3325000 | 0 | 100% |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6512000 | 6512000 | 0 | 100% |

<u>മോണിട്ടറിങ്ങ് ഫലപ്രദമല്ല.</u>

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന, നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിട്ടറിങ്ങ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യേഗസ്ഥയായ സെക്രട്ടറിയാണ് കൺവീനർ ആയി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മോണിട്ടറിങ്ങ് സമിതിയുടെ കൺവീനർ നിവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെയാണ് സമിതിയുടെ കൺവീനറായി നിയോഗിക്കേണ്ടത് എന്ന് സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ./ 29.01.2018 ലെ ഖണ്ഡിക 13.2 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മോണിട്ടറിങ്ങ് സമിതിയുടെ കൺവീനറെ പഞ്ചായത്ത് നിയമിച്ചിട്ടില്ല.
പഞ്ചായത്ത് തൻവർഷം ആകെ 72 മരാമത്ത് പ്രോജക്ടുകൾ ചെയ്തിട്ടുണ്ട്. ഇതിൽ ഭൂരിപക്ഷം പ്രവൃത്തികളും റോഡ് ടാറിംഗ്, റോഡിൽ കട്ട വിരിക്കൽ, കെട്ടിടങ്ങളുടെ മെയിന്റനൻസ്, കെട്ടിടങ്ങളുടെ പൂർത്തികരണം എന്നിവയാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് ഫലപ്രദമായി നടത്തിയതായി കാണുന്നില്ല.

<u>വീട് വാസയോഗ്യമാക്കൽ - അർഹതപ്പെട്ട ധനസഹായം നൽകുന്നില്ല.</u>

വീട് വാസയോഗ്യമാക്കുന്നതിനായി അനുവദിക്കാവുന്ന പരമാവധി ധനസഹായം പൊതുവിഭാഗത്തിന് 100000/-, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 150000/- രൂപ എന്നിങ്ങനെയുള്ള നിരക്കിലാണ്. ഗ്രാമപഞ്ചായത്തിൽ ഇത് അനുവദിച്ചിട്ടുള്ളത് യഥാക്രമം 50000/- രൂപ, 75000/- രൂപ, 100000/- രൂപ എന്നിങ്ങനെയാണ്. ഉത്തരവിൽ പറയുന്ന പരമാവധി ധനസഹായത്തിൽ കൂടാതെ സബ്സിഡി നിരക്ക് നിശ്ചയിക്കുവാൻ പഞ്ചായത്തിന് സ്വാതന്ത്ര്യമുണ്ട്. ഗുണഭോക്താക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം എല്ലാവരും തന്നെ ഒരു ലക്ഷത്തിലും കൂടുതൽ തുകയുടെ പണി ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശത്തെ തുടർന്നാണ് സബ്സിഡി തുകയിൽ കുറവ് വരുത്തിയിട്ടുള്ളത് എന്നാണ് പഞ്ചായത്ത് വിശദീകരിച്ചിട്ടുള്ളത്.

ഈ ഇനങ്ങളിൽ നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം 1.5 ലക്ഷം രൂപ ധനസഹായം നൽകിവരുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ധനസഹായം ലഭിച്ചവർക്ക് ഈ പദ്ധതി പ്രകാരം കൂടുതൽ സബ്സിഡി ലഭിക്കുന്ന, ബന്ധപ്പെട്ട വകുപ്പുകൾ നടപ്പാക്കുന്ന പ്രോജക്ടിലെ ഗുണഭോക്താക്കളാകുവാൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ട്.

**<u>നൂതന പ്രോജക്ടുകൾ</u>**

<u>1.ഹരിതകം (എസ്.0005/19)</u>

ചെലവ് – 2.68 ലക്ഷം.

ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കപ്പെട്ട 200 ഭവനങ്ങളിൽ ഹരിത സാങ്കേതിക കർമ്മസേനയുടെ നേതൃത്വത്തിൽ 30 തടമെടുത്ത് 15 കി.ഗ്രാം ജൈവവളം ഉപയോഗിച്ച്, വിവിധ ഇനത്തിൽപ്പെട്ട 100 പച്ചക്കറി ഹൈബ്രിഡ് തൈകൾ നട്ട് കൃഷി ഓഫീസറുടെ നേതൃത്വത്തിലുള്ള സാങ്കേതിക സഹായത്തോടെ പച്ചക്കറി കൃഷി നടത്തിയ പ്രോജക്ടാണ് ഹരിതകം. ഒരു വീടിന് ഗ്രാമപഞ്ചായത്തിന്റെ 1000/- രൂപ ധനസഹായവും 340/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 1340/- രൂപ വീതമാണ് ചെലവ്. പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ 20 ടൺ പച്ചക്കറികളും 500 തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞു എന്ന് മാത്രമല്ല വിഷരഹിതമായ പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

2.കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന ഗ്രീൻ പ്രോട്ടോക്കോൾ (എസ്.0035/19)

ചെലവ്- 0.5 ലക്ഷം രൂപ

പ്ലാസ്റ്റിക്ക് രഹിത ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് സർക്കാരിന്റെ പ്രത്യേക അംഗീകാരത്തോടെ (സ.ഉ.(സാധാ)നം. 2376/2018/ ത.സ്വ.ഭ.വ/ 06.09.2018) നടപ്പിലാക്കിയ പ്രോജക്ടാണിത്. ഇതിലേക്കായി തെരഞ്ഞെടുക്കപ്പെട്ട ഐശ്വര്യ സ്റ്റീൽ & അലുമിനിയം വെസ്സൽസ് ഹയറിങ്ങ് യൂണിറ്റ് സ്വന്തമായി കാറ്ററിങ്ങ് യൂണിറ്റ് നടത്തുന്ന കുടുംബശ്രീ ഗ്രൂപ്പാണ്. ഇവർ ഏറ്റെടുക്കുന്ന ഭക്ഷണവിതരണ പരിപാടികളിൽ പ്ലാസ്റ്റിക്ക് പാത്രങ്ങളുടെയും ഗ്ലാസ്സുകളുടെയും ഉപയോഗം ഒഴിവാക്കി സ്റ്റീലിന്റെ പ്ലേറ്റുകളും ഗ്ലാസ്സുകളും സംഭരണപാത്രങ്ങളുമാണ് ഉപയോഗിക്കുന്നത്. ഈ ഉപകരണങ്ങൾ വാങ്ങുന്നതിന് സൗത്തിന്ത്യൻ ബാങ്കിൽ നിന്നും എടുത്ത ലോണിന് ബാക്ക് എന്റ് സബ്സിഡിയായി അമ്പതിനായിരം രൂപ പഞ്ചായത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റ് ഇക്കാലയളവിൽ ഏറ്റെടുത്ത പത്തോളം ഭക്ഷണവിതരണ പരിപാടികളിൽ പ്ലാസ്റ്റിക്ക് പാത്രങ്ങളും ഗ്ലാസ്സുകളും പൂർണ്ണമായും ഒഴിവാക്കിയാണ് നടപ്പിലാക്കിയത് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും പ്ലാസ്റ്റിക്ക് രഹിതമായ സേവനങ്ങൾ ഉറപ്പാക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നത് ഉചിതമാകും.

3.അലിവ് (എസ്.0103/19)

ചെലവ് - ഒരു ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ നിർധനരായ വൃക്കരോഗികൾക്ക് മരട് പി.എസ്.മിഷൻ ഹോസ്പിറ്റലുമായി സഹകരിച്ച് സൗജന്യമായി ഡയാലിസിസ് നൽകുന്നതിനുവേണ്ടി നടപ്പാക്കിയ പ്രോജക്ടാണിത്. ഡയാലിസിസിനു മുന്നോടിയായി എലിസ ടെസ്റ്റ് ഉൾപ്പെടെയുള്ള വിവിധ ടെസ്റ്റുകൾ നടത്തുന്നതിനും രോഗികൾക്കാവശ്യമായ മരുന്നുകൾ നൽകുന്നതിനുമാണ് തുക വകയിരുത്തിയത്. ഡയാലിസിസിന് 625/-, മരുന്നിന് 300/- ടെസ്റ്റുകൾക്ക് 750/- എന്നീ നിരക്കിൽ ഒരു ഗുണഭോക്താവിന് 1675/- രൂപയാണ് വിനിയോഗിക്കുന്നത്. പ്രോജക്ടിന്റെ ഭാഗമായി ഏഴ് ഗുണഭോക്താക്കൾക്ക് ഓഡിറ്റ് വർഷത്തിൽ 118 തവണ ഡയാലിസിസ് നൽകിയിട്ടുണ്ട്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8385 | 864892* | 873277 | 867851* | 5426 |
| ഗുണഭോക്താകൾക്ക് | | 25616657 | 25616657 | 25616657 | |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 8385 | 26481549 | 26489934 | 26484508 | 5426* |

* തൊഴിൽ ദിനങ്ങൾ 100 ദിവസം പൂർത്തീകരിച്ചവർക്ക് നൽകുന്ന ഗ്രാന്റ് തുക 322000/- ഉൾപ്പെടെയുള്ള തുക.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 79920/- | 45 |
| കർഷകതൊഴിലാളി പെൻഷൻ | 8229400/- | 1982 |
| വിധവാപെൻഷൻ | 9156100/- | 2144 |
| വാർദ്ധക്യകാലപെൻഷൻ | 22276900/- | 5085 |
| വികലാംഗപെൻഷൻ | 3639100/- | 852 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 898900/- | 205 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 30000/- | 1 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.08.2019 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20977/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

<u>ആസ്തികൾ</u>

ഗ്രാമപഞ്ചായത്തിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുളിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര, സാംഖ്യ സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ മുകൾത്തലത്തിൽ പൂർത്തീകരിക്കാത്തതിനാലാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്നാണ് ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വിശദീകരണം.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2019 | 01.02.2019-28.2.2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.5.2004 | 1997-98 – 2003-04 | 21.7.2004 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.

# 1-13 വാടക - അപാകതകൾ

2018-19 സാമ്പത്തികവർഷത്തിൽ ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിലുള്ള 25 മുറികളിൽ B1, B2, B3, B4,┬┬┬B10 എന്നീ മുറികളിൽ നിന്ന് വാടകയിനത്തിൽ തുക ലഭിച്ചിട്ടില്ല. B1,B2,B3,B4 നമ്പറുകളുള്ള മുറികൾ ലേലത്തിൽ പങ്കെടുത്ത് ഏറ്റെടുക്കുവാൻ ആരും തയ്യാറായില്ല എന്നാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയത്. ഈ മുറികളിലേക്ക് ആവശ്യക്കാരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. B10-ാം നമ്പർ മുറി കെ.എസ്.ഇ.ബി. ക്ക് പ്രവർത്തിക്കുന്നതിന് നീക്കിവെച്ചിട്ടുള്ളതാണെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. കെ.എസ്.ഇ.ബി. നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്നും മാറുന്നതിന് മുന്നോടിയായി അവരുടെ വകുപ്പുതല അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള കാലതാമസം മൂലമാണ് ടി മുറിയുടെ വാടക അടവ് തുടങ്ങാത്തത് എന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. നിലവിൽ വാടകയിനത്തിൽ വരുമാനം ലഭിക്കാത്ത ഈ മുറികളിൽ നിന്നും വാടക ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തി വാടകവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

ഓഡിറ്റ് വർഷത്തിൽ ബിഎസ്എൻഎല്ലിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) No.16670/2006 കേസിൽ 09.09.2016 ൽ പുറപ്പെടുവിച്ച വിധിയിൽ ബിഎസ്എൻഎൽ സ്ഥാപനതൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പഞ്ചായത്ത് നല്കിയ കത്തിന് കോടതിവിധിക്കെതിരെ റിട്ട് അപ്പീൽ ഫയൽ ചെയ്യുന്നതിന് ബിഎസ്എൻഎൽ ലീഗൽ സെൽ തീരുമാനിച്ചതായുള്ള കത്തിന്റെ പകർപ്പ് ഹാജരാക്കുകയാണുണ്ടായത്. (നമ്പർ LCV /WPC 32443/2007/13; 02.04.19). കോടതിവിധിക്കനുസൃതമായി നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-15 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ ലഭ്യമായിട്ടില്ല.

2014-15 മുതൽ 2018-19 വരെയുള്ള അഞ്ചുവർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടപടികളിലൂടെ ചെയ്ത മരാമത്ത് പ്രവൃത്തികളിൽ, ടെണ്ടർ ഫീ ഇനത്തിൽ എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

(എൽ.എസ്സ്.ജി.ഡി) പേരിലുള്ള അക്കൗണ്ടിലേക്ക് അടവായിരിക്കുന്ന തുകകളുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു. ഈ തുകകൾ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

| വർഷം | തുക |
|---|---|
| 2014-15 | 28805 |
| 2015-16 | 39400 |
| 2016-17 | 41070 |
| 2017-18 | 97760 |
| 2018-19 | 112358 |
| ആകെ | 319483 |

ഈ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 വാറണ്ടി കാലയളവിൽ സോളാർ ലൈറ്റ് മെയിന്റനൻസിന് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | പട്ടികജാതിക്കോളനികളിൽ സോളാർ ലൈറ്റ് മെയിന്റനൻസ് (എസ്.0075 /19) |
| അടങ്കൽ | രൂപ.50000/- വികസനഫണ്ട്-എസ്.സി.പി |
| ചെലവ് | രൂപ.50000/- (ബിൽ നം.24/18-19/ 21.12.2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഈ പ്രോജക്ട് പ്രകാരം രണ്ടാം വാർഡിൽ 2, അഞ്ചാം വാർഡിൽ 1, ഒമ്പതാം വാർഡിൽ 1 എന്നിങ്ങനെ നാല് സോളാർ ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതിന് 50000/- രൂപ എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത സോളാർ ലൈറ്റുകൾ 2015-2016 വാർഷിക പദ്ധതിയുടെ ഭാഗമായി "എസ്.സി.കോളനികളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്.00149/16)" എന്ന പ്രോജക്ട് പ്രകാരം 23.85 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ളതാണ്. m/s അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനമാണ് സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. ഈ സ്ഥാപനം പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർപ്രകാരം സോളാർ ലൈറ്റുകൾക്ക് അഞ്ച് വർഷം വാറണ്ടി നൽകിയിട്ടുണ്ട്. പ്രസ്തുത വാറണ്ടി നിലനിൽക്കെയാണ് മറ്റൊരു സ്ഥാപനത്തെക്കൊണ്ട് ലൈറ്റുകളുടെ മെയിന്റനൻസ് നടത്തി തുക ചെലവഴിച്ചിട്ടുള്ളത്.

ക്രമവിരുദ്ധമായ മേൽ നടപടി സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/17.8.2019) ലൈറ്റുകൾ നന്നാക്കുന്നതിന് m/s അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡിനോട് കത്ത് മുഖാന്തിരവും ഫോൺ മുഖാന്തിരവും ആവശ്യപ്പെട്ടിട്ടും ആയവ നന്നാക്കിത്തരാതിരുന്ന സാഹചര്യത്തിൽ ബൾബ്/ട്യൂബുകൾ തെളിയാതിരിക്കുന്നതിൽ കോളനി നിവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് മേൽ പ്രോജക്ട് ഏറ്റെടുത്തത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കരാറിന് വിരുദ്ധമായി ലൈറ്റുകൾ നന്നാക്കിത്തരാതിരുന്ന M/s അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്, തിരുവന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും സ്റ്റോർ

പർച്ചേയ്സ് മാന്വൽ ഖണ്ഡിക 5.25, 5.26 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

# 1-17 കന്നുകുട്ടി പരിപാലനം - ഇൻഷുറൻസ് പരിരക്ഷ ലഭിച്ചില്ല - മറ്റ് അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കന്നുകുട്ടി പരിപാലനം (എസ്.137/18) |
| അടങ്കൽ | രൂപ.625000/- |
| ചെലവ് | രൂപ.156250/- (ബിൽ നം.KDP.2/18-19/23.10.2018) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

1. ചത്തുപോയ കന്നുക്കുട്ടിക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിച്ചില്ല.

ഈ പദ്ധതിയിലെ ഗുണഭോക്താവായിരുന്ന ശ്രീമതി.ജെനി അശോകൻ, മാളിയേക്കൽ എന്നയാളുടെ കന്നുകുട്ടി ചത്തുപോയതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പേവിഷബാധയെ തുടർന്നാണ് കന്നുകുട്ടി ചത്തുപോയതെന്നും പേവിഷബാധമൂലം ചാകുന്ന കന്നുകുട്ടിയുടെ പോസ്റ്റ്മോർട്ടം വിലക്കിയിട്ടുള്ളതിനാൽ അത് ചെയ്തില്ലെന്നും, പേവിഷബാധ സ്ഥിരീകരിക്കുന്നതിനുള്ള FAT ടെക്നിക്ക് മണ്ണുത്തി സർവ്വകലാശാലയിൽ മാത്രമെ ഉള്ളു എന്നും അവിടെ കൊണ്ടുപോകുന്നതിന് ഗുണഭോക്താവ് ബുദ്ധിമുട്ട് അറിയിച്ചതിനാലും പേ വിഷബാധ സംബന്ധിച്ച ഡയഗ്നോസിസ് ലഭ്യമായിട്ടില്ല എന്നും ആയതിന്റെ അഭാവത്തിൽ ഇൻഷുറൻസ് നഷ്ടപരിഹാരം ലഭ്യമായില്ല എന്നുമാണ് വെറ്ററിനറി സർജൻ രേഖാമൂലം അറിയിച്ചിട്ടുള്ളത്.

പദ്ധതിയുടെ ഭാഗമായി എല്ലാ കന്നുകുട്ടികളെയും ഇൻഷുർ ചെയ്തിട്ടുള്ളതാണ്. കന്നുകുട്ടി ചത്തുപോയാൽ നഷ്ടപരിഹാരം ലഭ്യമാക്കേണ്ട ചുമതല ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. പേവിഷബാധ ഡയഗ്നോസ് ചെയ്യാതെ തന്നെ പോസ്റ്റ്മോർട്ടം ഒഴിവാക്കിയ നടപടിയും അംഗീകരിക്കത്തക്കതല്ല. പദ്ധതിയിലുപ്പെടുന്ന ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. നടപടി സ്വീകരിച്ചില്ല.

ശ്രീമതി.കാർത്ത്യായനി, മൂളംമാലായിൽ എന്ന ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങുന്നതിന് തുടർച്ചയായി മുടക്കം വരുത്തിയതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. എന്നാൽ കരാർ പ്രകാരം പദ്ധതിയിൽ നിന്നും സ്വയം പിൻമാറുന്ന ഗുണഭോക്താവിനെതിരെ സ്വീകരിക്കേണ്ട നടപടി സ്വീകരിച്ചിട്ടില്ല.

3. വിനിയോഗിക്കപ്പെടാത്ത ധനസഹായം

പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി മുൻകൂറായി നൽകിയ ധനസഹായത്തിൽ വിനിയോഗിക്കപ്പെടാത്ത തുക പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു. ശ്രീമതി. ജെനി അശോകനും ശ്രീമതി. കാർത്ത്യായനിക്കും വേണ്ടി നൽകിയ തുകയിൽ യഥാക്രമം 5790/- രൂപ, 5714/- രൂപ എന്നിങ്ങനെ (ആകെ 11504/-) വിനിയോഗിക്കാതെ

നിൽക്കുന്ന തുക പ്രോജക്ട് ഓഫീസറിൽ നിന്നും തിരികെ വാങ്ങി വികസനഫണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്.

## 1-18 പത്തായപ്പുര - നെൽവിത്ത് സംഭരണം

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 'പത്തായപ്പുര' ( എസ്.0100/19) എന്ന പ്രോജക്ടിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും 25000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം.472960/ 27.3.2019). ഗ്രാമപഞ്ചായത്തിൽ രൂപീകൃതമായിട്ടുള്ള കാർഷിക കർമ്മ സേന വാങ്ങിയിട്ടുള്ള 1000കി.ഗ്രാം നെൽവിത്തിന് കിലോഗ്രാമിന് 25/- രൂപ നിരക്കിൽ നൽകിയ തുകയാണിത്. കാർഷിക കർമ്മസേന ഈ നെല്ല് കൂടുതൽ വിലയ്ക്ക് വിറ്റ് ഗ്രാമപഞ്ചായത്തിന്റെ തുക തിരിച്ചുനൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത തുക പഞ്ചായത്തിന് തിരികെ ലഭിക്കുന്ന വിവരം ഓഡിറ്റിനെ അറിയിക്കുന്നതിന് വിധേയമായി 25000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് തുക നൽകിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ / പ്രോജക്ട് | 52/19,ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും |
| അടങ്കൽ | 1300000/- |
| ചെലവ് വിവരം/ബിൽ/ചെക്ക് നം,തീയതി | 1)600000(പഞ്ചായത്ത് വിഹിതം, പ്ളാൻ ഫണ്ട്) 7/18-19/12.11.18.<br>2)100000(ബ്ളോക്ക് വിഹിതം) 7951548/21.11.18.<br>3)450000(ജില്ലാപഞ്ചായത്ത് വിഹിതം) 7951555/28.2.19 |
| ആകെ ചെലവ് | 1150000/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ ഭിന്നശേഷിയുള്ള 76 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 1150000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 76 ഗുണഭോക്താക്കളിൽ 58 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ് /ബത്ത | |
|---|---|---|
| | പ്രതിമാസം | വാർഷികം |
| സ്കോളർഷിപ്പ് | 1000 | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | | 1500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | | 2000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 1000 | 12000 |
| ഉല്ലാസ യാത്രാചെലവുകൾ | | 1000 |
| **ആകെ** | | **28500** |

എന്നാൽ ഈ പ്രൊജക്ട് പ്രകാരം 18143/- രൂപ വീതമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന 58വിദ്യാർത്ഥികൾക്കും നൽകിയിട്ടുള്ളത്. ഓരോ വിദ്യാർത്ഥിക്കും 10357/- രൂപ വീതം കുറവാണ് നല്കിയിട്ടുള്ളത്.

| നൽകിയ തുക | നൽകേണ്ട തുക | കുറവ് |
|---|---|---|
| 18143X58 =1052294 | 28500 X 58 = 1653000 | 600706 |

കൂടാതെ 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെയും, വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാതിരുന്നതിന്റയും കാരണങ്ങൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/20.8.2019) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളപ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകേണ്ടതുമാണ്. ബജറ്റിലും പ്രോജക്ട് തയ്യാറാക്കുന്ന വേളയിലും ആവശ്യമായ തുക വകയിരുത്തേണ്ടതും ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻനിർത്തി വിഭാവനം ചെയ്തിരിക്കുന്ന സ്കോളർഷിപ്പ് തുക പൂർണ്ണമായും വിതരണം ചെയ്യേണ്ടതുമാണ്.

# 1-20 കാഞ്ഞിരക്കാപ്പള്ളി കോളനി പകൽ വീട് പ്രവർത്തനക്ഷമമല്ല.

| പ്രോജക്ട് നം. | S0093/19 |
|---|---|
| പ്രോജക്ടിന്റെപേര് | കാഞ്ഞിരക്കാപ്പള്ളി കോളനി പകൽ വീട് പുനരുദ്ധാരണം |
| ചെലവ് വിവരം | ഫണ്ട് - എസ്.സി.പി<br>അടങ്കൽ – 179479<br>ചെലവ് – 179479<br>ബിൽ നം./തീയതി – 5/18-19/30.10.18 |

പഞ്ചായത്തിലെ 6-ാം വാർഡിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി പണികഴിപ്പിച്ചിട്ടുള്ള പ്രസ്തുത പകൽവീട്ടിൽ വെള്ളം, വൈദ്യുതി, ടോയ്‌ലറ്റ്, മാനസിക ഉല്ലാസത്തിനുള്ള സൌകര്യങ്ങൾ എന്നിവയില്ല. ആയവ കൂടി ഏർപ്പെടുത്തി പകൽവീട് പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

# 1-21 ശാസ്ത്ര മാസികകൾ - കൈപ്പറ്റിയ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷത്തിൽ യൂറീക്ക, ശാസ്ത്രകേരളം എന്നീ മാസികകൾ പഞ്ചായത്തിലെ സ്കൂളുകളിൽ ഒരു വർഷത്തേക്ക് എത്തിച്ചു നൽകുന്നതിനായി 10000/-രൂപ അനുവദിക്കണമെന്ന് കേരള ശാസ്ത്ര സാഹിത്യ പരിക്ഷത്ത് കത്തുമുഖാന്തിരം ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത സ്ഥാപനത്തിന് 10000/- രൂപ (വൗച്ചർ നമ്പർ 21800519/ 1.9.18) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര കോപ്പികൾ വീതം പ്രസ്തുത മാഗസിനുകൾ നൽകിയിട്ടുണ്ട് എന്നത്

സംബന്ധിച്ചും അവ ലഭ്യമായിട്ടുണ്ട് എന്ന് സ്കൂൾമേധാവികളുടെ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/24.8.19) മറുപടിയായി പഞ്ചായത്തിലെ എട്ട് സ്കൂളുകൾക്ക് 10000/- രൂപയുടെ മാസികകൾ ഒരു വർഷത്തേക്ക് നൽകി എന്നുള്ള കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കത്ത് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മാസികകൾ അപ്രകാരം ലഭിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട സ്കൂളിലെ പ്രധാന അദ്ധ്യാപകരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ അഭാവത്തിൽ 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 ഹൃദ്യാരോഗ്യം - അപാകതകൾ

<table>
<tr><td>പ്രൊജക്ട് നം., പേര്</td><td colspan="2">എസ് 087/19, ഹൃദ്യാരോഗ്യം</td></tr>
<tr><td>അടങ്കൽ</td><td colspan="2">50,000/-(വികസനഫണ്ട്);1,00,000/-(തനത് ഫണ്ട്)<br>(ആകെ അടങ്കൽ 1,50,000/-)</td></tr>
<tr><td rowspan="3">ചെലവ്</td><td rowspan="3">1,50,000/-</td><td>ചെക്ക് നം . 269680; 29.03.19; 89,500/-</td></tr>
<tr><td>ബിൽ നം.8/18-19; 19.12.18; 50,000/-</td></tr>
<tr><td>ചെക്ക് നം . 268245; 07.01.19; 10,500/-</td></tr>
<tr><td>നിർവഹണ ഉദ്യോഗസ്ഥൻ</td><td colspan="2">മെഡിക്കൽ ഓഫീസർ, സി എച്ച് സി</td></tr>
</table>

22 ആശാവർക്കർമാർക്ക് ബി പി അപ്പാരറ്റസ് വാങ്ങൽ, പ്രതിവർഷം 4 പ്രാവശ്യം ഭവനസന്ദർശനം നടത്തി രക്തസമ്മർദ്ദം പരിശോധിക്കൽ, ഹൃദ്യാരോഗ്യം കാർഡ്, സർവേ കാർഡ്, ഹൃദ്യാരോഗ്യം ബാഡ്ജ് എന്നിവയുടെ പ്രിന്റിംഗ് മുതലായവയ്ക്ക് വേണ്ടി 2018-19 സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പാക്കിയ പ്രൊജക്ടാണിത്. ഈ പ്രൊജക്ടിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 20 ആശാവർക്കർമാർ വിവിധ വാർഡുകളിൽ രണ്ട് ഘട്ടങ്ങളിലായി ഭവനങ്ങൾ സന്ദർശിച്ച് രക്തസമ്മർദ്ദം പരിശോധിച്ചതിന് ആദ്യത്തെ ഘട്ടത്തിൽ വീടൊന്നിന് 8/- രൂപയും രണ്ടാമത്തെ ഘട്ടത്തിൽ വീടൊന്നിന് 10/- രൂപയും നല്കിയിട്ടുണ്ട്. നിരക്ക് നിശ്ചയിച്ചതും പിന്നീട് വർദ്ധിപ്പിച്ചതും സാധൂകരിക്കുന്ന കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല .
2. ഹൃദ്യാരോഗ്യം നോട്ടീസ്(1500 എണ്ണം), സർവേ കാർഡ് (5500 എണ്ണം) ഹൃദ്യാരോഗ്യം ബാഡ്ജ് (27എണ്ണം), ഹാൻഡ് ബുക്ക്(5000 എണ്ണം)എന്നിവ പ്രിന്റ് ചെയ്തതിന് മുളന്തുരുത്തിയിലെ Noorono Press എന്ന സ്ഥാപനം 60765.60/- യുടെ ബില്ല് നല്കിയിട്ടുണ്ട്. ഇതിൽ 15398/- രൂപ 2018-19 ൽ സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ലഭിച്ച നോട്ടീസ്, കാർഡ്, ബാഡ്ജ്, ഹാൻഡ് ബുക്ക് എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല.
3. Better Life Pharma And Healthcare, മുളന്തുരുത്തി എന്ന സ്ഥാപനത്തിൽ നിന്നും 22 ബി പി അപ്പാരറ്റസുകൾ വാങ്ങിയിട്ടുണ്ട് (നം.CA 2672; 24.11.18; 60,500/- രൂപ). ഇവ ജെഎച്ച്ഐ കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആശാവർക്കർമാർക്ക് വിതരണം ചെയ്തതിന്റെ രേഖകളില്ല.
4. പദ്ധതിയുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയിട്ടില്ല. ആശാവർക്കർമാർ വേതനം കൈപ്പറ്റിയതിന്റെ രസീതിൽ ജോലി ചെയ്തിട്ടുണ്ട് എന്നെഴുതി ഹെൽത്ത് ഇൻസ്പെക്ടർ ഒപ്പിടുക മാത്രമാണ് ചെയ്തിട്ടുള്ളത്.

പ്രൊജക്ടിൽ മുകളിൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/30.8.19) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 4000000/- | മാർക്കറ്റ് പൂർത്തീകരണം (101/19) | 88023/- | 3911977/- |
| | | 2000000/- | ആരക്കുന്നം കോളനി സമഗ്രവികസനം (166/19) | 0 | 2000000/- |
| | | 5000000/- | സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ(123/19) | 5000000/- | ഇല്ല |
| | | 12200/- | പാലിന് സബ്സിഡി (77/19) | 12200/- | ഇല്ല |
| **ആകെ** | | **11012200/-** | | **5100223/-** | **5911977/-** |
| ബ്ലോക്ക് | 2018-19 | 463200/- | ലൈഫ് ഭവനപദ്ധതി | 23200/- | 440000/- |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | (എസ്.സി.) | | |
| | | 449300/- | ലൈഫ് ഭവനപദ്ധതി (ജനറൽ) | ഇല്ല | 449300/- |
| | | 500000/- | അങ്കനവാടിക്ക് സ്ഥലം വാങ്ങൽ | 499312/- | 688/- |
| | | 25000/- | പാലിന് സബ്സിഡി | 25000/- | ഇല്ല |
| | | 100000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000/- | ഇല്ല |
| | | 400000/- | ലൈബ്രറി റിനോവേഷൻ | 400000/- | ഇല്ല |
| ആകെ | | 1937500/- | | 1047512/- | 889988/- |

<u>ജില്ലാ പഞ്ചായത്ത് വിഹിതം</u>

ജില്ലാ പഞ്ചായത്ത് വിഹിതം മുന്നിരുപ്പ് ഉണ്ടായിരുന്ന 5960000/- രൂപയിൽ തൻവർഷം 5790423/- വിനിയോഗിച്ച് ശേഷം 169577/- രൂപ നീക്കിയിരിപ്പുണ്ട്. അങ്ങനെ ആകെ നീക്കിയിരുപ്പ് 6081554/-ആണുള്ളത്. എന്നാൽ വർഷാന്ത്യക്കണക്കിലെ നീക്കിയിരുപ്പ് (ബി.4 ഷെഡ്യൂൾ) 6035165/- രൂപയാണ്. യഥാർത്ഥ നീക്കിയിരുപ്പുമായി 46389/- രൂപയുടെ വ്യത്യാസം ഉണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.8.2019) 2018-19 ൽ ലൈഫ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ള 3000000/- രൂപയിൽ 2960000/- ജില്ലാപഞ്ചായത്ത് വിതിതം നീക്കിയിരിപ്പിൽ നിന്നും മുഴവൻ തുകയും ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതത്തിൽ നിന്നും 40000/- ഉൾപ്പെടുന്നുവെന്നും സുലേഖയിൽ മുഴവൻ തുകയും ജില്ലാപഞ്ചായത്ത് വിഹിതമായി തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 6389/- രൂപയുടെ വ്യത്യാസത്തിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

<u>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</u>

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുന്നിരുപ്പുണ്ടായിരുന്ന രൂപ 6389/- ഉൾപ്പെടെ 896377/- രൂപയുടെ നീക്കിയിരിപ്പുണ്ട്. ഇതിൽ മുൻവർഷത്തെ നീക്കിയിരിപ്പ് ഏത് പ്രോജക്ടിനായി ലഭിച്ചതാണെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ജില്ലാപഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗത്തിലെ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 40000/- രൂപ ലൈഫ് ജനറൽ പദ്ധതിയിൽ ചെലവ് ഉണ്ടെന്നും ആകയാൽ ലൈഫ് പദ്ധതിക്കായുള്ള നീക്കിയിരുപ്പിൽ 409300/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ആകെ 856377/- മാത്രമെ നീക്കിയിരിപ്പുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. 2019-20 വാർഷികപദ്ധതിയിൽ ആയത് ക്രമപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജല അതോറിറ്റി | നേതാജി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (എസ്.0114/19) | ബിൽ നം. 8/18-19/ 27.7.18 ചെ.നം. 7951539/25.7.18 | 54000/- 19000/- 73000/- | 73000/- | ഇല്ല |
| വൈദ്യുതി ബോർഡ് | വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (എസ്.0075/19) | ബിൽ നം. 4 /18-19/ 12.6.18 ബിൽ നം. 13/18-19/ 18.9.18 | 26708/- 773292/- 800000/- | 800000/- | ഇല്ല |
| | മാർക്കറ്റിലെ ഇലക്ട്രിക് ലൈൻ മാറ്റൽ (എസ്.0126/19) | | 33321/- | 33321/- | ഇല്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3674841/- രൂപ വരവുണ്ട്. മുൻബാക്കി 11575300/- രൂപയടക്കം 15250141/- രൂപയിൽ 2255531/- രൂപ തിരിച്ചടച്ചിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | തൻവർഷം പിൻവലിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(കൈ) 124/18/ ത.സ്വ.ഭ.വ./ 11.9.18 | 3520000/- | 629315/- | - | - | - | 629315/- |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ.(സാധാ) 124/ 18/ ത.സ്വ.ഭ.വ. / 11.9.18 | 22284000/- | 3045526/- | 11575300/- | 2255531/- | 1421947/- | 12365295/- |
| ആകെ | | | 3674841/- | 11575300/- | 2255531/- | 1421947/- | 12994610/- |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4894213 |
| തൻവർഷം നിക്ഷേപിച്ച തുക | 9274389 |
| ആകെ | 14168602 |
| [illegible] | [illegible] |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 10113602 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4055000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മുളന്തുരുത്തി | 20.3.2019 | 90 ദിവസം | 2027500/- | 176723/ 20.3.2019 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മുളന്തുരുത്തി | 20.3.2019 | 90 ദിവസം | 2027500/- | 176724/ 20.3.2019 |
| ആകെ | | | | 4055000/- | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23694/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | തുക അടവാക്കിയ ഹെഡ് |
|---|---|---|---|---|---|
| 2012-13 | 3-2 | 19370/- | ഷൈലജ.പി.കെ. അസി.എൻജിനീയർ (റിട്ട) | 118010100304/ 11.4.2018 | 280800701 |
| 2013-14 & 14-15 | 3-1 | 504/- | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 118010100831/- 3.5.18 | 280800201 |
| 2017-18 | 2-3 | 2500/- | കെ.എസ്.ഇ.ബി. | 118010500076/ 7.1.2019 | 280100102 |
| 2017-18 | 2-4 | 1320/- | ക്ഷീരോത്പാദക സഹകരണ സംഘം, പുളിക്കമാലി | 118010102394/ 18.7.18 | 280100102 |
| ആകെ | | 23694/- | | | |

.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2012-13 | 3-7(1) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാ | 2012-13 ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള 3.12.15 ലെ കെ.എസ്.എ.ഇ.കെ.എം. (പി.6) 1593/-14 നമ്പർ പുനരഭിപ്രായ |

| | | | | | |
|---|---|---|---|---|---|
| | | | | ണത്തിൽ മാത്രം ഒതുങ്ങുന്നു. | കത്ത് പ്രകാരം പാര 3-7(1)(2) പരാമർശം ഒഴിവാക്കിയിട്ടുണ്ട്. സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പരാമർശം ഒഴിവാക്കുന്നതിലേക്ക് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 106229917 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 108246683 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 196504/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 11504/- | ഡോ.അമിത, വെറ്റിനറി സർജൻ, മുളന്തുരുത്തി |
| 1-18 | 25000/- | ശ്രീമതി.ജ്യോത എൻ., കൃഷിഓഫീസർ, മുളന്തുരുത്തി |
| 1-21 | 10000/- | ശ്രീമതി.ശോശാമ്മ. സി.എസ്, സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 1-22 | 150000/- | ഡോ.ഷാജി.പി.എസ്. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മുളന്തുരുത്തി |
| ആകെ | 196504/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അമിത, വെറ്ററിനറി സർജൻ, മുളന്തുരുത്തി | വെറ്റിനറി സർജൻ, മുളന്തുരുത്തി | തുടിയമ്പറമ്പിൽ, രാജഗിരി.പി.ഒ. |
| ശ്രീമതി.ജ്യോത എൻ. കൃഷിഓഫീസർ, മുളന്തുരുത്തി | കൃഷിഓഫീസർ, മുളന്തുരുത്തി | ജ്യോതി നിവാസ്, തിരുമലത്ത് റോഡ് കുസാറ്റ്.പി.ഒ |
| ഡോ.ഷാജി പി.എസ്. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മുളന്തുരുത്തി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മുളന്തുരുത്തി | കൃഷ്ണ, ശ്രേയസ് ലെയിൻ, കടവന്ത്ര. |
| ശ്രീമതി.ശോശാമ്മ സി.എസ്. സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | വിരമിച്ചു | പറപ്പിള്ളിൽ ഹൗസ്, കരിങ്ങാച്ചിറ, തൃപ്പൂണിത്തുറ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1981-82 | എൽ.എഫ്.ഇ.(പി.4) 868/98/10.5.2000 | |
| 1982-83 മുതൽ 1995-96 വരെ | എൽ.എഫ്.ഇ.(പി.4) 868/98/10.5.2000 | |
| 1996-97 | എൽ.എഫ്.ഇ.(പി.4) 184/98/15.6.1998 | |
| 1997-98 | എൽ.എഫ്.ഇ.(പി.4) 1530/2000/15.3.01 | |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18/26.6.2018 | 15 |
| 1999-2000 | | 22 |
| 2000-01 | | 14 |
| 2001-02 | | 1 |
| 2002-03 | എൽ.എഫ്.ഇ.(പി.4) 732/04/6.4.05 | 14 |
| 2003-04 | എൽ.എഫ്.ഇ.(പി.4) | 5 |

| | | |
|---|---|---|
| | 1064/05/21.12.2005 | |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18/26.6.2018 | 10 |
| 2006-07 | | 16 |
| 2007-08 | | 8 |
| 2008-09 | | 7 |
| 2009-10 | എൽ.എഫ്.ഇ.(പി.6) 991/13/ 4.2.2014 | 13 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1837/11/ 7.11.2018 | 16 |
| 2011-12 | കെ.എസ്.എ.ഇ.കെ.എം.(പി.6) 498/18/26.6.2018 | 3 |
| 2012-13 | | 1 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1330/18/31.8.2018 | 8 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.6) 2128/18/10.7.2018 | 6 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1268/17/6.5.2018 | 7 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.6) 1609/18/ 11.6.2019 | 2 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

# **<u>അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **മുളന്തുരുത്തി** ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ്.**

**ന്യൂനതകളുടെ സംഗ്രഹം**

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിച്ചില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

ANNEXURE -1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Mulamthuruthy Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Mulamthuruthy Grama Panchayat** for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT AUDIT

## Abstrct of Defects / Discripancies.

1. The details of Property Tax in the Annual Financial Statement are not reconcilled with that of Sanjaya Account.
2. The Asset register is not updated completely including the land owned by Gramapanchayat and reconcilled with the Annual Financial Statement.

DEPUTY DIRECTOR